**തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് - മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - മലപ്പുറം ജില്ല - തിരൂർ നഗരസഭ - തൃക്കണ്ടിയൂർ വില്ലേജ് - വാണിജ്യ കെട്ടിട നിർമ്മാണം കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. ശ്രീമതി.സലീന കിഴക്കം കുന്നത്ത് ഹൗസ്, ചെമ്പ്ര റോഡ്, തിരൂർ എന്നവരുടെ അപേക്ഷ.

2. മലപ്പുറം ജില്ലാ ടൗൺ പ്ലാനറുടെ 27/02/2022- ലെ TCPMPM/1310/2021-A3 നമ്പർ കത്ത്.

---

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**

ഉത്തരവ്. നം. TCPCTP/562/2021-C2 തീയതി:17/03/2022

---

മലപ്പുറം ജില്ലയിലെ തിരൂർ നഗരസഭ പരിധിയിലുള്ള തൃക്കണ്ടിയൂർ വില്ലേജിൽ സർവ്വേ നമ്പർ 225/6-7-ൽ ഉൾപ്പെട്ട 282 ച.മീ. സ്ഥലത്ത് ഇരുനിലകളുള്ളതും 258.68 ച.മീ. ബിൽറ്റപ് വിസ്തീർണ്ണമുള്ളതുമായ വാണിജ്യകെട്ടിടം നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീമതി.സലീന -യുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .എം.ബി.ആർ 2019-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി തിരൂർ ടൗണിന്റെ അംഗീകൃത ഡി .ടി.പി സ്കീം. നമ്പർ II ൻറെ പ്രൊവിഷൻ പ്രകാരമുള്ള കൺകറൻസിന് അംഗീകാരം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. നിർമ്മാണം കെ.എം.ബി.ആർ 2019 ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും അംഗീകൃത ഡി.ടി.പി.സ്കീം. നമ്പർ II Provision-കൾക്കും അനുസൃതമായിരിക്കണം.
2. കെ.എം.ബി.ആർ 2019 ലെ ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ അതിരുകളും , അളവുകളും, പ്രമാണങ്ങളും ആധികാരികതയും ഉടമസ്ഥാവകാശവും, നിർമ്മാണാവകാശവും രേഖകൾ പരിശോധിച്ച് ആധികാരികമാണെന്നും മുനിസിപ്പൽ സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
3. ചട്ടം 29(2), 29(5), പ്രകാരം car parking Two wheeler Parking space നൽകിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
4. Occupancy Certificate നൽകുന്നതിന് മുമ്പ് ചട്ടം 42(1), (4) പ്രകാരം അംഗപരിമിതർക്കാവശ്യമായ റാമ്പ്, ടോയ് ലറ്റ് എന്നിവ നൽകിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
5. Occupancy Certificate നൽകുന്നതിന് മുമ്പ് ചട്ടം 34(3)Table-13 അനുസരിച്ച ആവശ്യമായ സാനിട്ടേഷൻ സൗകര്യങ്ങൾ നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
6. Occupancy Certificate നൽകുന്നതിന് മുമ്പ് ചട്ടം 76(1) (2) അനുസരിച്ച Rain water Recharging, Storage Arrangement നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
7. കെ.എം.ബി.ആർ ചട്ടം 22(3), അനുസരിച്ച് മുനിസിപ്പാലിറ്റി നോട്ടിഫൈ ചെയ്തിട്ടുള്ള വെള്ളപൊക്കത്തിന് സാധ്യതയുള്ള പ്ലോട്ടുകളിലോ , 45 ഡിഗ്രിയിൽ കൂടുതൽ ചെരിവുള്ളതുമായ പ്രദേശങ്ങളിലോ തുടങ്ങി മറ്റ് പ്രദേശങ്ങളിലോ വികസന നിർമ്മാണ പ്രവർത്തികൾ അനുവദിച്ചുകൂടാ.
8. കെ.എം.ബി.ആർ ചട്ടം 22(4) പ്രകാരം നിർദ്ദിഷ്ട നിർമ്മാണ /വികസന സ്ഥലത്തും

GOVERNMENT OF KERALA 2017-18

പരിസരത്തും പ്രകൃത്യാലുള്ള ജല നിർഗമന മാർഗ്ഗങ്ങളെ തടസ്സപ്പെടുത്താതെയും , നിർമ്മാണ/വികസന സ്ഥലത്തും പരിസര പ്രദേശത്തും വെള്ളക്കെട്ടിനോ അതുമൂലം വെള്ളപൊക്കത്തിനോ സാദ്ധ്യതകൾ ഇല്ലാതാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു ഉറപ്പു വരുത്തിയിട്ട് മാത്രമേ സെക്രട്ടറി ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകാവൂ.

9. IS2470 ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ് മാനദണ്ഡം അനുസരിച്ച് സെപ്റ്റിക് ടാങ്ക്/ സാനിട്ടേഷൻ സൗകര്യങ്ങൾ നിർമ്മാണ വസ്തുവിൽ തന്നെ ലഭ്യമാക്കി എന്ന് ഉറപ്പ് വരുത്തിയതിനു ശേഷം മാത്രമേ ഒക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിക്കാവൂ.
10. RPwD Act 2016 (Central Act 49 of 2016), കേന്ദ്ര നഗരവികസന മന്ത്രാലയം പ്രസിദ്ധീകരിച്ച ഹാർമോണൈസ്ഡ് ഗൈഡ് ലൈൻസ് ആൻഡ് സ്പേസ് സ്റ്റാൻഡേർഡ് ഫോർ ബാരിയർ ഫ്രീ ബിൽറ്റ് എൻവിയോൺമെന്റ് ഫോർ പേഴ്സൺസ് വിത്ത് ഡിസബിലിറ്റി ആൻഡ് എൽഡർലി പേഴ്സൺസ്, നാഷണൽ ബിൽഡിംഗ് കോഡ് ഓഫ് ഇന്ത്യ (2016)ൽ പ്രസ്താവിച്ചിരിക്കുന്ന അംഗവൈകല്യമുള്ളവർക്കുള്ള നിർമ്മാണ മാനദണ്ഡങ്ങൾ തുടങ്ങിയവ നിഷ്കർഷിക്കുന്ന അളവുകളും നിർദ്ദേശങ്ങളും ഈ നിർമ്മാണത്തിൽ പാലിച്ചിരിക്കണമെന്ന് സെക്രട്ടറി ഉറപ്പാക്കണം.

കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ ലേ-ഔട്ട് നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം

Signature valid

ഫമിദാ യൂസഫ്.എം.,
ടൗൺ പ്ലാനർ

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

സെക്രട്ടറി,
തിരൂർ നഗരസഭ.

പകർപ്പ്:-

1. ശ്രീമതി.സ്‌ലീന, കിഴക്കും കന്നത്ത് ഹൗസ്, ചെമ്പ്ര റോഡ്, തിരൂർ-676 101
2. ടൗൺ പ്ലാനർ, മലപ്പുറം.
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

GOVERNMENT OF KERALA 2017-18